CO-OP OFFICE FOR CALL & GUIDANCE,
**Industrial City, Phase No. 1,**
**P.O. Box No. 32628,**
**Jeddah-21438,**
**Opp: Chamber of Commerce and Fire Force.**
**Tel : 02-288 11 96**
**Fax : 02-636 50 51.**

Authenticated by:



**المكتب التعاوني للدعوة والإرشاد والتوعية الجاليات**
المدينة الصناعية-المرحلة الاولى؛
ص ب - ٣٢٦٢٨؛ جدة - ٢١٤٣٨
تحت إشراف وزارة الشئون الإسلامية والأوقاف والدعوة والإرشاد
ت : ٦٣٦٩٥٤٩ فاكس : ٦٣٦٥٠٥١

# ليلة القدر والاعتكاف

## ليلة القدر

إِنَّا أَنزَلْنَهُ فِي لَيْلَةِ الْقَدْرِ(٩٧:١) لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ (٩٧:٣)

إنّ اللّـــه تعالى شرّف ليلة القدر، وأخبر في الذكر الحكيم أنها خيرٌ من ألف شهر (أي العبادة فيها أفضل من عبادة ألف شهر – ثلاثٌ وثمانون سنةٍ وأربعة أشهرٍ)، ولكنه جلّت حكمته أخفى وقتها في شهر رمضان (في العشر الأواخر على الأرجح وبالذات الليالي الفرديّة) لكي يشوّق المؤمنين ويحثّهم على طلبها بالعبادة والدعاء في هذه الأيام كلّها لا في ليلة واحدة.

# LAILAT-AL-QADR & I'TIKAF

## ***Lailat-Al-Qadr** (the Night of Grandeur)*

Verily! We have sent it (this Qur'an) down in the night *of* ***Al-Qadr*** (Decree) (97:1). That night of Al-Qadr (Decree) is better than a thousand months. (97:3).

Allah, His Almighty has greatly honored Lailat-Al-Qadr, it's revealed in the Holy Qur'an that it is better than a thousand months." (Worshipping in is better than worshipping a thousand months - 83 years & 4 months). But, Allah hid it in Ramadan (most probably in the last ten days; particularly the odd ones) for a high wisdom, that is to urge the believers and let them yearn to demand it by worshipping & supplication in all of these nights; not only one.

(P.T.O)

# ലൈലത്തുൽ ഖദ്റും ഇഅ്തികാഫും

## ലൈലത്തുൽ ഖദ്ർ

"നിശ്ചയം, മഹത്തായ ഒരു രാത്രിയിലാണ് നാം അത് (ഖുർആനിനെ) അവതരിപ്പിച്ചിരിക്കുന്നത്.(97:1) "ആ മഹത്തായ രാത്രി ആയിരം മാസങ്ങളെക്കാൾ ഉത്തമമത്രെ."(97:3)

അല്ലാഹു (ത) ലൈലത്തുൽ ഖദ്റിനെ ഉത്തമരാത്രിയാക്കി ശ്രേഷ്ഠത നല്കിയിരിക്കുന്നു. ഖുർആൻ അനുസ്മരിച്ചതു പോലെ ആയിരം മാസങ്ങളെക്കാൾ പുണ്യമുള്ള മഹത്തായ രാത്രി (ഈ രാത്രിയിലെ ഇബാദത്തുകൾക്ക് 83 വർഷവും 4 മാസവും ഇബാദത്ത് ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠതയാണുള്ളത്). ഈ രാത്രി, (പ്രബലമായ സൂചനകൾ റമളാനിലെ അവസാനത്തെ പത്തിലെ ഒറ്റ രാവുകളിൽ) കൃത്യമായി ഏത് രാത്രിയിലാണെന്നുള്ളത് അല്ലാഹു (ത) ഗോപ്യമാക്കിവെച്ചതിലൂടെ തൻെറ അടിമകൾക്ക് കൂടുതൽ പുണ്യങ്ങൾ ചെയ്യാനവസരം സൃഷ്ടിക്കപ്പെടുന്നു. (P.T.O)

Compiled by:
Ibn Koyakutty

## Selected Traditions from Sahih Al-Bukhari on Laylat-Al-Qadr

Narrated by Abu Saeed Al-Khudri (raa), he said: "We practiced *I'TIKAF* (seclusion in the mosque) in the middle third of the month of Ramadan with the Prophet (PBUH). In the morning of the 20th of Ramadan, the Prophet (PBUH) came and addressed us and said, 'I was informed of (the date of the Night of Qadr) but I was caused to forget it; so search for it in the odd nights of the last ten nights of the month of Ramadan. (In the dream) I saw myself prostrating in mud and water (as a sign). So, whoever was in *I'TIKAF* with me should return to it with me (for another 10-day period)', and we returned. At that time there was no sign of clouds in the sky but suddenly a cloud came and it rained till rainwater started leaking through the roof of the mosque which was made of date-palm leaf stalks. Then the prayer was established and I saw Allah's Messenger (PBUH) prostrating in mud and water and I saw the traces of mud on his forehead." (Sahih Al-Bukhari).

Narrated by Ibn Umar (raa): "Some of the companions of the Prophet (PBUH) were shown in their dreams ***THE NIGHT OF QADR*** was in the last seven nights of Ramadan. Allah's Messenger (PBUH) said: "It seems that all your dreams agree that (the night of Qadr) is in the last seven nights, and whoever wants to search for it (i.e. the night of Qadr) should search in the last seven (nights of Ramadan)." (Sahih Al-Bukhari).

## ***AL-I'TIKAF*** *(Seclusion at Mosque)*

Mosques are Allah's houses. The believers (*MU'MINEEN)* in the mosque are like fish in the lake and hypocrites *(MUNAFIQEEN)* are like birds in a cage. This why believers beloved Al-I'tikaf and always performed by the serious and purified of them .

## *Selected Traditions from Sahih Al-Bukhari (Al-I'tikaf)*

The Prophet's (PBUH) wife 'Ai'shah (raa) said: "The Prophet (PBUH) used to practice *I'TIKAF* in the last ten days of Ramadan till died and then his wives used to practice *I'TIKAF* after him." (Sahih Al-Bukhari).

The Prophet's (PBUH) wife 'A'ishah (raa) said: "Allah's Messenger used to let his head in (the house) while he was in the mosque and I would comb his hair. When in *I'TIKAF* he did not enter the house except for a need." (Sahih Al-Bukhari).

Umar (raa) says: He once hinted to the Prophet. "I had vowed, when I was ignorant, that I would undergo *I'TIKAF* one night in *Masjid-al-Haram*" He replied: "You fulfill your vow." (Sahih Al-Bukhari).

Safia (raa), the Prophet's (PBUH) Wife, said: "I came to visit Allah's Messenger (PBUH) while he was in ***I'TIKAF*** in the mosque during the last ten days of Ramadan. After a short conversation, she got up to return, Allah's Messenger (PBUH) got up with her and accompanied her, and when (they) reached near the gate of the mosque close to the door (of the house) of Um Salama, two Ansari men passed by them and greeted Allah's Messenger (PBUH)." (Sahih Al- Bukhari).

Narrated by Abu Hurairah (raa): "The Prophet (PBUH) used to perform ***I'TIKAF*** every year in the month of Ramadan for ten days, and when it was the year of his death, he stayed in ***I'TIKAF*** for twenty days." (Sahih Al-Bukhari).

## Some Secrets & Usefulness' of Al-I'tikaf:

"Sitting in the mosque under *I'TIKAF* for a few days during one Ramadan becomes an unavoidable cherished experience in the subsequent years, especially in "*Haram Shariff*".
Their cordial attitude (of those who do I'tikaf in any places where Muslims live – particularly in this country - Saudi Arabia) will attract everyone. Their fascinating hospitality, brotherly attitude, simplicity that encourage self-thought, expressions of affection will make us all tearful while departing. How surprising it is that a few days of interaction and acquaintance transform into brotherly feeling for years! Through *I'TIKAF* such good qualities develop and pass on to each other.
Reading Qur'an: The flow of reading Qur'an, the inner joy experienced through its reading, 60 Raka'at of Supplications on each of the last ten days of Ramadan, purity in behaviour, simplicity in daily activities, strength to bear hardship, several forms of *Ibadat* (worship), concentration, dedication, enthusiasm, above all the constant thought on Allah's Greatness and Oneness – these are some of the invaluable gains we obtain through *I'TIKAF.*
Now the importance of *I'TIKAF* is amply clear. Even with the congenial background of mosques in this country for rendering *I'TIKAF*, how many of us are eager to do it?

---

Dear Brother in Islam: Please make copies of this and feel free to distribute to your brothers. May Allah Bless you.

## "أحاديث منتقاة من صحيح البخاري في ليلة القدر"

٩٣٩ – عَنْ أَبِي سَعِيد ﴿رضي الله عنه﴾ قَالَ: اعْتَكَفْنَا مَعَ النَّبِيِّ ﴿ﷺ﴾ الْعَشْرَ الأَوْسَطَ مِنْ رَمَضَانَ فَخَرَجَ صَبِيحَةَ عِشْرِينَ فَخَطَبَنَا وَقَالَ: إِنِّي أُرِيتُ لَيْلَةَ الْقَدْرِ ثُمَّ أُنْسِيتُهَا أَوْ نَسِيتُهَا فَالْتَمِسُوهَا فِي الْعَشْرِ الأَوَاخِرِ فِي الْوِتْرِ, وإِنِّي رَأَيْتُ أَنِّي أَسْجُدُ فِي مَاءٍ وَطِينٍ, فَمَنْ كَانَ اعْتَكَفَ مَعَ رَسُولِ الله ﴿ﷺ﴾ فَلْيَرْجِعْ, فَرَجَعْنَا وَمَا نَرَى فِي السَّمَاءِ قَزَعَةً, فَجَاءَتْ سَحَابَةٌ فَمَطَرَتْ حَتَّى سَالَ سَقْفُ الْمَسْجِدِ وَكَانَ مِنْ جَرِيدِ النَّخْلِ, وَأُقِيمَتِ الصَّلاَةُ, فَرَأَيْتُ رَسُولَ الله ﴿ﷺ﴾ يَسْجُدُ فِي الْمَاءِ وَالطِّينِ, حَتَّى رَأَيْتُ أَثَرَ الطِّينِ فِي جَبْهَتِه ﴿ﷺ﴾.

٩٣٨ – عَنْ ابْنِ عُمَرَ رَضِيَ الله عَنْهُمَا أَنَّ رِجَالاً مِنْ أَصْحَابِ النَّبِيِّ ﴿ﷺ﴾ أُرُوا لَيْلَةَ الْقَدْرِ فِي الْمَنَامِ فِي السَبْعِ الأَوَاخِرِ فَقَالَ رَسُولُ الله أَرَى رُؤْيَاكُمْ قَدْ تَوَاطَاتْ فِي السَبْعِ الأَوَاخِرِ فَمَنْ كَانَ مُتحرِّيهَا فَلْيَتحرَّهَا فِي السَبْعِ الأَوَاخِرِ.

## الاعتكاف

أنّ المساجد بيوت الله عزّ وجلّ، مثل المؤمنين في المسجد كالحيتان في الحوض ومثل المنافقين في المسجد كمثل الطيور في القفص، ولهذا أحب المؤمنون الاعتكاف وحرص عليه أهل الجدّ والإخلاص .

## "أحاديث منتقاة من صحيح البخاري في الاعتكاف"

٩٤٣ – عَنْ عَائِشَةَ زَوْجِ النَّبِيِّ ﴿ﷺ﴾ وَرَضِيَ عَنْهَا أَنَّ النَّبِيَّ ﴿ﷺ﴾ كَانَ يَعْتَكِفُ الْعَشْرَ الأَوَاخِرَ مِنْ رَمَضَانَ حَتَّى تَوَفَّاهُ الله, ثُمَّ اعْتَكَفَ أَزْوَاجُهُ مِنْ بَعْدِه.

٩٤٤– عَنْ عَائِشَةَ رَضِيَ الله عَنْهَا قَالَتْ: وَإِنْ كَانَ رَسُولُ الله ﴿ﷺ﴾ لَيُدْخِلُ عَلَيَّ رَأْسَهُ وَهو فِي الْمَسْجِدِ فَأُرَجِّلُهُ, وَكَانَ لاَ يَدْخُلُ الْبَيْتَ إِلاَّ لِحَاجَةٍ إِذَا كَانَ مُعْتَكِفًا.

٩٤٥ – عَنْ عُمَرَ ﴿رضي الله عنه﴾ أَنَّهُ سَأَلَ النَّبِيَّ ﴿ﷺ﴾ قَالَ: كُنْتُ نَذَرْتُ فِي الْجَاهِلِيَّةِ أَنْ أَعْتَكِفَ لَيْلَةً فِي الْمَسْجِدِ الْحَرَامِ؟ قَالَ: فَأَوْفِ بِنَذْرِكَ.

٩٤٧ – عَنْ صَفِيَّةَ زَوْجِ النَّبِيِّ ﴿ﷺ﴾ وَرَضِيَ عَنْهَا أَنَّهَا جَاءَتْ رَسُولَ الله ﴿ﷺ﴾ تَزُورُهُ فِي اعْتِكَافِه فِي الْمَسْجِدِ فِي الْعَشْرِ الأَوَاخِرِ مِنْ رَمَضَانَ فَتَحَدَّثَتْ عِنْدَهُ سَاعَةً, ثُمَّ قَامَتْ تَنْقَلِبُ, فَقَامَ النَّبِيُّ ﴿ﷺ﴾ مَعَهَا يَقْلِبُهَا حَتَّى إِذَا بَلَغَتْ بَابَ الْمَسْجِدِ عِنْدَ بَابِ أُمِّ سَلَمَة, مَرَّ رَجُلاَنِ مِنْ الأَنْصَارِ فَسَلَّمَا عَلَى رَسُولِ الله ﴿ﷺ﴾.

٩٤٨ – عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: كَانَ النَّبِيُّ ﴿ﷺ﴾ يَعْتَكِفُ فِي كُلِّ رَمَضَانَ عَشْرَةَ أَيَّامٍ, فَلَمَّا كَانَ الْعَامُ الَّذِي قُبِضَ فِيهِ اعْتَكَفَ عِشْرِينَ يَوْمًا.

## من أسرار و فوائد الاعتكاف :

إن المكوث في المسجد لعدة أيام بنيّة الاعتكاف وبالذات لو كان بالحرم الشريف، يخلق في القلب رغبة قوية صادقة وشعوراً متمكناً يجعل المؤمن لا يستطيع ترك الاعتكاف في السنين التالية.

وإن من يمنٌ الله عليه بالاعتكاف في هذا البلد المبارك على الخصوص – أو في أي من بلاد المسلمين، سوف يجد إنشاء الله أخوة معه تأسره تعاملاتهم القلبية وتعاونهم الأخوي وضيافتهم الروحية وحياتهم السهلة، كلها مما يخلق في كل قلب مؤمن ومخلص رغبة قوية للإقتداء بهم واتباع نهجهم في كثير من ميادين الحياة خصوصا في التقوى والإخلاص لله...

وللاعتكاف فوائد أخرى عديدة، منها المداومة على قراءة القرآن، وأنه تسهل قراءته على المسلم وتستلذ روحه ويسعد قلبه بالقراءة، وقد يكرم المسلم بصلاة ٦٠ ركعة يومياً في العشر الأواخر من رمضان، ويأخذ المسلم من حياة هذه الأيام القليلة ذخرا لما بعدها لما فيها من الصبر، ولين الخلق، وخفة العيش والارتفاع إلى درجات أعلى في تأدية العبادات، والإخلاص فيها والتفاني في حب الله، وفوق ذلك كله التفكر الدائم في وحدانية الله وقدرته وصنعه لتخفف القلب من علائق الدنيا ومشاغلها. وأخيرا عند الافتراق في نهاية الاعتكاف..تترقرق دمعات الفراق والوداع فتملأ العيون. ولربّ تعارف أيام قليلة تنتج أخوة لأعوام طويلة.
فمن منّا ينتهز هذه الفرصة الثمينة للاعتكاف في هذا البلد الأمين مع هذا الجو الملائم والمساجد المجهزة والمناسبة.
اخواني في الإسلام: الرجاء التكرم بتوزيع صور هذه الرسالة لإخواننا الكرام – جزاكم الله خيراً. (تقبل الله منا جميعا)

واخر دعوانا أن الحمد لله رب العامين

## ലൈലത്തുൽ ഖദ്ർ

അബൂസഈദ്(റ) പറയുന്നു: "റമളാനിൻെറ മദ്ധ്യത്തിലെ പത്തു ദിവസങ്ങളിൽ തിരുമേനി (സ) യുടെ കൂടെ ഞങ്ങൾ 'ഇഅ്തികാഫ്' ഇരുന്നു. റമളാൻ ഇരുപതിന് രാവിലെ തിരുമേനി പള്ളിയിൽ നിന്നും പുറത്തു വന്നു ഞങ്ങളോട് പ്രസംഗിച്ചതിൽ അരുളി: "ലൈലത്തുൽ ഖദ്ർ ഞാൻ സ്വപ്നത്തിൽ കണ്ടു. പിന്നീട് ഞാനത് മറന്നുപോയി. അവസാനത്തെ പത്തിലെ ഒറ്റയൊറ്റ ദിവസങ്ങളിൽ നിങ്ങളതിനെ അന്വേഷിക്കുക. കളിമണ്ണിലും വെള്ളത്തിലും ഞാൻ സുജൂദ് ചെയ്യുന്നതായും സ്വപ്നം കണ്ടു. അതിനാൽ ദൈവദൂതനോടൊപ്പം 'ഇഅ്തികാഫ്' ഇരുന്നവരെല്ലാം പള്ളിയിലേക്ക് തന്നെ മടങ്ങട്ടെ" ഉടനെ ഞങ്ങൾ മടങ്ങി. അപ്പോൾ ആകാശത്തിൽ ഒരു മേഘപാളിപോലുമില്ലായിരുന്നു. പെട്ടെന്ന് ആകാശത്തിൽ കാർമേഘങ്ങൾ വന്ന് ശക്തിയായി മഴ വർഷിക്കാൻ തുടങ്ങി. മഴയുടെ ശക്തി മൂലം ഈത്തപ്പന മട്ടലുകൊണ്ടുള്ള പള്ളിയുടെ മേൽത്തട്ട് ചോർന്നൊലിച്ചുകൊണ്ടിരുന്നു. പിന്നീട് നമസ്കാരം നടന്നു. തിരുമേനി കളിമണ്ണിലും വെള്ളത്തിലും സുജൂദ് ചെയ്യുന്നത് കണ്ടു. അവിടുത്തെ തിരുനെറ്റിയിൽ കളിമണ്ണിൻെറ അവശിഷ്ടങ്ങൾ ഞാൻ കണ്ടു." (സ്വഹീഹുൽ ബുഖാരി)

ഇബ്നുഉമർ (റ) പറയുന്നു: തിരുമേനി (സ) യുടെ അനുചരന്മാരിൽ കുറേ പേർ ലൈലത്തുൽ ഖദ്ർ റമളാനിലെ ഒടുവിലത്തെ ആഴ്ചയിൽ വരുന്നതായി സ്വപ്നം കണ്ടു. തിരുമേനി (സ) അരുളി: "നിങ്ങളുടെയെല്ലാം സ്വപ്നങ്ങൾ അവസാനത്തെ ഏഴ് ദിവസങ്ങളിൽ ഒത്തുചേരുന്നതായാണ് കാണുന്നത്. അത്കൊണ്ട് വല്ലവനും ലൈലത്തുൽ ഖദ്റിനെ അന്വേഷിക്കുന്നുവെങ്കിൽ അവൻ റമളാനിൻെറ ഒടുവിലത്തെ ആഴ്ചയിലന്വേഷിക്കട്ടെ." (സ്വഹീഹുൽ ബുഖാരി)

## ഇഅ്തികാഫ്

പള്ളികൾ അല്ലാഹുവിൻെറ ഭവനങ്ങളാകുന്നു. തടാകത്തിലെ മൽസ്യങ്ങൾ പോലെയാണ് പള്ളിയിലുള്ള മുഅ്മിനീങ്ങൾ. പള്ളിയിലിരിക്കുന്ന മുനാഫിഖ് കൂട്ടിലിട്ട പക്ഷിയെപ്പോലെയും. ഇതറിയുന്നതിനാലാവാം - വിശ്വാസികൾ ഇഅ്തികാഫിനെ ഇഷ്ടപ്പെടുകയും ആദരിക്കുകയും ചെയ്യുന്നതും; പാപമോചനത്തിന്നും പരിവർത്തനത്തിനുമായി തെരഞ്ഞെടുക്കുകയും ചെയ്യുന്നതും.

തിരുമേനി (സ) യുടെ പത്നി ആയിശ (റ) പറയുന്നു: "എല്ലാ റമളാനിലെയും അവസാനത്തെ പത്തിൽ തിരുമേനി (സ) 'ഇഅ്തികാഫ്' ഇരിക്കാറുണ്ടായിരുന്നു. ഈ പതിവ് അദ്ദേഹത്തിൻെറ വിയോഗം വരെ തുടർന്നു. തിരുമേനി (സ) യുടെ കാലശേഷം അവിടുത്തെ പത്നിമാരും 'ഇഅ്തികാഫ്' ഇരിക്കാറുണ്ടായിരുന്നു." (സ്വഹീഹുൽ ബുഖാരി)

ആയിശ(റ)യിൽ നിന്ന് നിവേദനം. "ഇഅ്തികാഫിരിക്കുമ്പോൾ പള്ളിയിലിരുന്നു കൊണ്ട്, പള്ളിക്ക് പുറത്ത് നില്ക്കുന്ന എൻെറ അടുത്തേക്ക് തിരുമേനി (സ) തലനീട്ടിത്തരും. ഞാൻ മുടി വാർന്നു കൊടുക്കും. 'ഇഅ്തികാഫ്' ഇരിക്കുമ്പോൾ പ്രത്യേകാവശ്യത്തിന്നല്ലാതെ തിരുമേനി (സ) വീട്ടിൽ കടക്കാറുണ്ടായിരുന്നില്ല." (സ്വഹീഹുൽ ബുഖാരി)

ഉമർ (റ) പറയുന്നു: ഞാൻ ഒരിക്കൽ തിരുമേനി (സ) യെ ഉണർത്തി: "മസ്ജിദുൽ ഹറാമിൽ ഒരു രാത്രി ഇഅ്തികാഫിരിക്കാമെന്ന് അജ്ഞാനകാലത്ത് ഞാൻ നേർച്ച നേർന്നിരുന്നു." "നിങ്ങൾ നേർച്ച പൂർത്തിയാക്കുക" എന്ന് തിരുമേനി (സ) അരുളി. (സ്വഹീഹുൽ ബുഖാരി)

തിരുമേനി (സ) യുടെ പത്നി സ്വഫിയ(റ) പറയുന്നു: "റമളാനിലെ അവസാനത്തെ പത്തിൽ തിരുമേനി (സ) പള്ളിയിൽ ഇഅ്തികാഫിരുന്നപ്പോൾ ഞാൻ തിരുമേനി (സ) യെ സന്ദർശിച്ചു. അല്പസമയം ഇരുന്നു സംസാരിച്ച ശേഷം തിരിച്ചുപോന്നു". യാത്രയയക്കാൻ തിരുമേനി (സ) അവരെ അനുഗമിച്ചു. ഉമ്മു സലമാ (റ) യുടെ വീട്ടിന്നടുത്തുള്ള പള്ളിയുടെ വാതിൽക്കലെത്തിയപ്പോൾ രണ്ട് അൻസാരികൾ ആ വഴി കടന്നു പോയി. അവർ തിരുമേനി (സ)ക്ക് സലാം ചൊല്ലി. (സ്വഹീഹുൽ ബുഖാരി)

അബൂഹുറെയ്റ(റ) പറയുന്നു: "തിരുമേനി (സ) എല്ലാ റമളാനിലും പത്ത് ദിവസം ഇഅ്തികാഫിരിക്കാറുണ്ടായിരുന്നു തിരുമേനി (സ) ഇഹലോകവാസം വെടിഞ്ഞ വർഷമാവട്ടെ, ഇരുപത് ദിവസം ഇഅ്തികാഫിരുന്നു." (സ്വഹീഹുൽ ബുഖാരി)

### ◊ പ്രത്യേകതകൾ; പ്രയോജനങ്ങൾ.

"ഒരു റമളാനിലെ ഏതാനും ദിവസം ഇഅ്ത്തികാഫിരുന്നാൽ തുടർന്നു വരുന്ന വർഷങ്ങളിൽ അതൊരു 'ഒഴിച്ചു കൂടാൻ പറ്റാത്ത' പ്രിയപ്പെട്ട അനുഭൂതിയായി മാറുന്നു - പ്രത്യേകിച്ചും ഹറം ശരീഫിൽ." ഇഅ്ത്തികാഫിരിക്കുന്നവർ! (മുസ്ലികൾ താമസിക്കുന്ന ഏത് രാജ്യത്തെയും ഇഅ്ത്തികാഫിരിക്കുന്നവർ - വിശേഷിച്ചും ഈ നാട്ടുകാർ) ഇവരുടെ ഹൃദ്യമായ പെരുമാറ്റം ആരെയും ആകർഷിക്കും, ആധിതൃമര്യാദ കോരിത്തരിപ്പിക്കും, സാഹോദര്യം പുളകമണിയിപ്പിക്കും, ലാളിത്യം ആത്മപരിശോധനക്ക് പ്രേരിപ്പിക്കും, വേർപിരിയുമ്പോൾ പ്രകടമാവുന്ന സ്നേഹവികാരങ്ങൾ ഈറനണിയിപ്പിക്കും. കുറഞ്ഞ ദിവസങ്ങളുടെ ഇടപഴകൽ സംവൽസരങ്ങളുടെ സാഹോദര്യമായി പരിണമിക്കുന്ന അത്ഭുതം. ഇഅ്ത്തികാഫിലൂടെ ഈ ഗുണങ്ങളെല്ലാം പരസ്പരം ആകർഷിക്കപ്പെടുന്നു/ആവാഹിക്കപ്പെടുന്നു. കൂടാതെ, ഖുർആൻ പാരായാണം - പാരായണത്തിൻെറ വേഗത, പാരായണത്തിലൂടെ ലഭിക്കുന്ന ആത്മീയ സുഖം, അവസാനത്തെ പത്തിലെ ദിനേനയുള്ള 60 റകഅത്ത് നമസ്കാരം, സ്വഭാവ നൈർമ്മല്യം, ദിനചര്യയിലുള്ള ലാളിത്യം, സഹനശീലം, ഇബാദത്തുകളുടെ വിവിധ രൂപങ്ങൾ, ഏകാഗ്രത, അർപ്പണബോധം, കർമ്മോൽസുകത, സർവ്വോപരി അല്ലാഹുവിൻെറ മഹത്വത്തെക്കുറിച്ചും ഏകത്വത്തെക്കുറിച്ചുമുള്ള നിരന്തര ചിന്ത - ഇഅ്ത്തികാഫിലൂടെ നമുക്ക് കൈവരിക്കാൻ കഴിയുന്ന ചില അമൂല്ല്യ നേട്ടങ്ങളാണിതെല്ലാം.

'ഇഅ്തികാഫി'ൻെറ പ്രാധാന്യം ഇപ്പോൾ ബോധ്യപ്പെട്ടിരിക്കാം. ഈ പുണ്യഭൂമിയിലെ പള്ളികളുടെ പശ്ചാത്തലം 'ഇഅ്തികാഫി'ന്ന് വളരെ അനുകൂലമായിരുന്നിട്ടും ഇത് നിർവ്വഹിക്കുന്നവരായി നമ്മിൽ എത്രപേർ?



**മുസ്ലിം സഹോദരന്മാരെ, ഇതിൻെറ കോപ്പികൾ താങ്കളുടെ മറ്റു സഹോദരന്മാർക്കും എത്തിക്കുക! അല്ലാഹു സുബ്ഹാനഹു വതആല താങ്കളെ അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.**